I/196629/2024

**ഫയൽ നം : SSG 2/10/2024-TC** **തിയതി : 22-04-2024**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **RC റിന്യൂവൽ ഡോക്യുമെന്റ് അപ്‌ലോഡ് സൗകര്യം വാഹനിൽ ഉൾപ്പെടുത്തിയത് - സത്യവാങ്മൂലം ഫോർമാറ്റ്** - സംബന്ധിച്ച്.

**സൂചന :-** 1. ഹൈ പവർ കമ്മിറ്റി 1 മീറ്റിംഗ് മിനിറ്റ്സ് തീയതി 07/03/2024

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ RC പുതുക്കുവാനുള്ള അപേക്ഷകളിൽ, ഫീസ്, ഫൈൻ എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ ഇടക്കാല ഉത്തരവ് അനുസരിച്ച്, ഫീസ് ഫൈൻ എന്നിവ താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ അപേക്ഷകൾ ലഭിക്കുമ്പോൾ വർധിപ്പിച്ച നിലയ്ക്കുള്ള ഫീസ്,ഫൈനുകൾ ഉടങ്ങിയവ കേസിന്റെ അന്തിമ ഉത്തരവ് അനുസരിച്ച്, പിന്നീട് വേണ്ടിവന്നാൽ അടച്ചു കൊള്ളാം എന്ന് അപേക്ഷകർ സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ട്. നിലവിൽ വാഹൻ സിറ്റിസൺ സൈഡിലൂടെ RC പുതുക്കുവാനുള്ള അപേക്ഷയോടൊപ്പം ആയതു അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന അവസരങ്ങളിൽ അപ്‌ലോഡ് ചെയ്യേണ്ട സത്യവാങ്മൂലത്തിന്റെ ഫോർമാറ്റ് ഈ കത്തിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

1. രജിസ്ട്രേഷൻ കാലാവധി /ഫിറ്റ്നസ് കാലാവധി അവസാനിച്ചാൽ **അധിക ഫീസ് (ഫൈൻ)** അടയ്ക്കുന്നത്
2. വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി അവസാനിച്ചാൽ **വർദ്ധിപ്പിച്ച ഫീസ്** അടയ്ക്കുന്നത്

**അപേക്ഷകർ പ്രസ്തുത സത്യവാങ്മൂലം വെള്ള പേപ്പറിൽ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം അപേക്ഷകൻ അപ്‌ലോഡ് ചെയ്യുന്ന സത്യവാങ്മൂലം നിഷ്കർഷിച്ചിരിക്കുന്ന രീതിയിലാണെന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതും, അയവ എല്ലാ ഓഫീസുകളും മുടക്കം കൂടാതെ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.**

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 22-04-2024 16:35:36

K MANOJKUMAR

JOINT TRANSPORT COMMISSIONER & SECRETARY STA

**മോട്ടോർ വാഹന വകുപ്പ്, കേരളം**

# സത്യവാങ്മൂലം

(രജിസ്ട്രേഷൻ കാലാവധി /ഫിറ്റ്നസ് കാലാവധി അവസാനിച്ചാൽ ഫൈൻ അടയ്ക്കുന്നത്)

എന്റെ ഉടമസ്ഥതയിലുള്ള -------------<വാഹന രജിസ്ട്രേഷൻ നമ്പർ> വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി /ഫിറ്റ്നസ് കാലാവധി ---------- തീയതിയിൽ തീർന്നു. ആയതിനാൽ രജിസ്ട്രേഷൻ കാലാവധി /ഫിറ്റ്നസ് കാലാവധി പുതുക്കുന്നതിനു കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 പ്രകാരമുള്ള **അധിക ഫീസ് (ഫൈൻ)** അടയ്ക്കുവാൻ ഞാൻ ബാധ്യസ്ഥനാണ്. എന്നിരുന്നാലും, ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അധിക ഫീസ് ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. ബഹു. കേരള ഹൈക്കോടതിയിൽ നിന്നോ, മറ്റു കോടതികളിൽ നിന്നോ, പ്രതികൂലമായ ഉത്തരവ് ഉണ്ടാകുകയാണെങ്കിൽ, മേൽപ്പറഞ്ഞ അധിക ഫീസ് അടക്കുവാൻ ഞാൻ തയ്യാറാണ്. ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്ക് മുൻപായി വാഹനം കൈമാറ്റം ചെയ്യപ്പെട്ടുകയാണെങ്കിലും മേൽപ്പറഞ്ഞ അധിക ഫീസ് അടയ്ക്കുവാൻ ഞാൻ ബാധ്യസ്ഥൻ ആയിരിക്കും എന്നും അറിയിക്കുന്നു.

< വാഹന ഉടമസ്ഥന്റെ പേര് >

< വാഹന ഉടമസ്ഥന്റെ ഒപ്പ് >

< വാഹനത്തിന്റെ RC പ്രകാരമുള്ള വാഹന ഉടമസ്ഥന്റെ സ്ഥിര മേൽവിലാസം >

< വാഹനിൽ അപ് ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ള മൊബൈൽ നമ്പർ >

# സത്യവാങ്മൂലം

**(രജിസ്ട്രേഷൻ കാലാവധി /ഫിറ്റ്നസ് കാലാവധി അവസാനിച്ചാൽ വർദ്ധിപ്പിച്ച ഫീസ് അടയ്ക്കുന്നത്)**

എന്റെ ഉടമസ്ഥതയിലുള്ള ------------- < വാഹന രജിസ്ട്രേഷൻ നമ്പർ > വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി ---------- തീയതിയിൽ, 15 വർഷം കഴിഞ്ഞിരിക്കുന്നു. ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവ പുതുക്കുന്നതിന്റെ ഫീസ് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹു. കേരള ഹൈക്കോടതി വിധി പ്രകാരം വർദ്ധിപ്പിച്ച ഫീസ് താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി വർധിപ്പിച്ച ഫീസ് അടയ്ക്കേണ്ടി വരികയാണെങ്കിൽ പ്രസ്തുത ഫീസ് അടക്കുവാൻ ഞാൻ ബാധ്യസ്ഥൻ ആണെന്ന് ഇതിനാൽ അറിയിക്കുന്നു.

< വാഹന ഉടമസ്ഥന്റെ പേര് >

< വാഹന ഉടമസ്ഥന്റെ ഒപ്പ് >

< വാഹനത്തിന്റെ RC പ്രകാരമുള്ള വാഹന ഉടമസ്ഥന്റെ സ്ഥിര മേൽവിലാസം >

< വാഹനിൽ അപ് ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ള മൊബൈൽ നമ്പർ >